കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# നെടുമ്പ്രം ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 16.03.2020

കെ.എസ്.എ.പിറ്റിഎ.പി4/161/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
നെടുമ്പ്രം ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: നെടുമ്പ്രം ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം

നെടുമ്പ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പിറ്റി.എ പി4/161/2020 തീയതി: 16/03/2020

## <u>പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.01.2019 മുതൽ 10.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന്

മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | പി.കെ വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 11.02.2020 മുതൽ 20.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി സ്നിദ്ധ.എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീ. അരുൺ പി.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. അനിൽകുമാർ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സുനിൽകുമാർ.യു.എസ്. | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ജി.സുനിൽകുമാർ | 01.04.2018 മുതൽ31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.എസ്.സജീവ് ലാൽ | 01.04.2018 മുതൽ 28.07.2018 വരെ |
| | ശ്രീമതി രാജി എസ്. നായർ, ഹെഡ് ക്ലർക്ക് (സെക്രട്ടറിയുടെ ചുമതല) | 29.07.2018 മുതൽ 03.08.2018 വരെ |
| | ശ്രീ.രാജേഷ് കുമാർ ആർ. | 04.08.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| വെറ്ററിനറി സർജൻ | ഡോ. ബിനോയ് ജോൺ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ -അലോപ്പതി | ഡോ.ബെറ്റി.വി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. അഭിനേഷ് ഗോപൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ജിഷ സുജാതൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. വികാസ് ജേക്കബ് | 01.04.2018 മുതൽ 28.06.2018 വരെ |
| | ശ്രീ. അരുൺ ആർ. | 01.07.2018 മുതൽ 31.03.2019 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി ബിൻസി ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി പ്രിയ ഐ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പ്രമീള | 01.04.2018 മുതൽ 05.06.2018 വരെ |
| | ശ്രീ.പോൾ ചാക്കോ മാർട്ടിൻ | 20.07.2018 മുതൽ 06.03.2019 വരെ |
| | ശ്രീമതി മേരി ജസ്സി ഡിക്രൂസ് | 07.03.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി ഗിരിജകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അമല ലക്ഷ്മി.എ. | 01.04.2018 മുതൽ 24.11.2018 വരെ |
| | ശ്രീമതി.ഷീബ | 27.11.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രിൻസ് എം.ഡി. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-12 |
| 13 | വാണിജ്യ കെട്ടിടം വിഭജിച്ച് നമ്പർ നൽകി; വസ്തുനികുതിയിൽ കുറവുണ്ടായി | 1-13 |
| 14 | നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിച്ച ടെൻഡറുകൾ ഉൾപ്പെടെ നിരസിച്ചതുമൂലം 232340/- രൂപയുടെ അധിക ചെലവ് | 1-14 |
| 15 | കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല | 1-15 |
| 16 | ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ - ചെലവ് കണക്കുകൾ ഇല്ലാതെ ഫൈനൽ ബിൽ തുക നല്കി | 1-16 |
| 17 | ടാറിംഗ് പ്രവൃത്തികൾ- ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയില്ല | 1-17 |
| 18 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് - സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് ക്രമവിരുദ്ധം | 1-18 |
| 19 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | വൃദ്ധ ജനങ്ങൾക്ക് യോഗ പരിശീലന പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 21 | മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം | 1-21 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 22 | നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിച്ച ടെൻഡറുകൾ ഉൾപ്പെടെ | 3-1 |

| | | |
|---|---|---|
| | നിരസിച്ചതുമൂലം 232340 രൂപയുടെ അധിക ചെലവ് | |
| 23 | ലൈഫ് ഭവന നിർമാണ പദ്ധതി – നിർവഹണത്തിലെ അപാകതകൾ | 3-2 |
| 24 | വൃദ്ധ ജനങ്ങൾക്ക് യോഗ പരിശീലന പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 3-3 |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 24 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 32 | ചാർജജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

22.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് പഞ്ചായത്ത് കമ്മിറ്റി 04.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 22.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3345536 |
| വരവ് | 54614003 |
| ആകെ | 57959539 |
| ചെലവ് | 51980731 |
| നീക്കിയിരിപ്പ് | 5978808 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7633178 | 7633178 | 7390985 | 242193 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2509000 | 2509000 | 2237654 | 271346 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 104000 | 104000 | 98190 | 5810 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 11846000 | 11846000 | 11790973 | 55027 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 2780000 | 2780000 | 2385685 | 394315 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5143393 | 5143393 | 3360752 | 1782641 |

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 11388677 | 11388677 | 11388677 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1898 | 307096 | 308994 | 301271 | 7723 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ICDS) | | 469882 | 309925 | 779807 | 549629 | 230178 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -576610 | *3087071 | 2510461 | 1922325 | 588136 |
| | ജില്ലാ പഞ്ചായത്ത് | 0 | 3611505 | 3611505 | 3399997 | 211508 |
| ബി ഫണ്ട് | | 0 | 27560 | 27560 | 27560 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 126670 | 5337635 | 5464305 | 4446123 | 1018182 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2708938 | 9751733 | 12460671 | 10181099 | 2279572 |
| | ട്രഷറി അക്കൗണ്ട് | 126670 | 5337635 | 5464305 | 4446123 | 1018182 |
| | SBI e payment | 23050 | 67658 | 90708 | 33793 | 56915 |
| സാക്ഷരത | | 40715 | 1444 | 42159 | 0 | 42159 |
| ദുരിതാശ്വാസനിധി | | 1190 | 0 | 1190 | 0 | 1190 |

(*ബ്ലോക്ക് പഞ്ചായത്ത് ഷെയർ 1441635 +ഐ.സി.ഡി.എസ് – 309925 + റിഡംപ്ഷൻ-1335511)

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 146 | 118 | 0 | 28 | 80.82 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11388677 | 11388677 | 11388677 | 0 |
| ഭരണച്ചെലവുകൾ | 1898 | 307096 | 308994 | 301271 | 7723 |
| ആകെ | 1898 | 11695773 | 11697671 | 11689948 | 7723 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25560 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 4200800 | 328 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 5297400 | 401 |
| വാർദ്ധക്യകാലപെൻഷൻ | 13322500 | 917 |
| വികലാംഗപെൻഷൻ | 2039900 | 161 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 282400 | 22 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2020 ന് 03.15PM മണിക്ക്, സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10113 രൂപ നീക്കിയിരിപ്പുള്ളതിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മാസാന്ത്യത്തിൽ ബാങ്ക് റിക്കൺസിലിയേഷൻ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ ഡി.സി.ബി. കൃത്യമായി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് വാങ്ങുന്ന സാധനങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2019 | 04/2019 മുതൽ 08/2019 വരെ | റിപ്പോർട്ട് ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2017 | 2015-16മുതൽ 2016-17 വരെ | 02.11.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>ഷെഡ്യൂൾ ബി- 2</u>

- ദുരിതാശ്വാസനിധിയുടെ പാസ്സ് ബുക്ക് പ്രകാരം 1244 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ധനകാര്യപത്രിക പ്രകാരം ഇത് 1190 ആണ്.

<u>ഷെഡ്യൂൾ ബി 3</u>

- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്തിട്ടില്ല.

**<u>ഷെഡ്യൂൾ ബി-4</u>**

- 320100105, 320200323, 320300103, 320300199 എന്നീ ഹെഡ്ഡുകളിലെ തുകയ്ക്ക് പ്രത്യേക അക്കൗണ്ടും എ.സി.ആറും സൂക്ഷിച്ചിട്ടില്ല. അതിനാൽ ഇവയിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
- സാക്ഷരത അക്കൗണ്ടിലെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് ₹40715 ആണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ഇത് ₹42159 ആണ്.
- ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിലെ നീക്കിയിരിപ്പുതുക എ.സി.ആറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
- ശുചിത്വമിഷനിൽ നിന്നും ലഭിച്ച 67500 രൂപ വരവായി ചേർത്തിട്ടില്ല.
- 320700204 - ജോയിന്റ് വെൻചർ അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.
- ഗുണഭോക്തൃവിഹിതം ഇനത്തിൽ നീക്കിയിരിപ്പുള്ള ₹52492 രൂപയുടെ വിശദാംശം ലഭ്യമല്ല.

**<u>ഷെഡ്യൂൾ ബി 7</u>**

- ഡെപ്പോസിററ് രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തൽ ഇല്ല. അതിനാൽ ഓരോ ഇനത്തിലും ലഭിച്ച തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

**<u>ഷെഡ്യൂൾ ഐ 6</u>**

കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയ്ക്ക് ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തു നൽകിയ തുക ഐ-6 -ൽ വരവായി ഉൾപ്പെടുത്തിട്ടിയില്ല.

# 1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

2011-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ഫിനാഷ്യൽകോഡ് വാല്യം I ആർട്ടിക്കൾ 282 എന്നിവ പ്രകാരം മൂന്ന് വർഷത്തെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കും പ്രകാരം 61515രൂപയുടെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

| വർഷം | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ എണ്ണം | കാലഹരണപ്പെട്ട തുക |
|---|---|---|
| 2011-12 | 2 | 12300 |
| 2012-13 | 6 | 19085 |
| 2013-14 | 4 | 1350 |
| 2014-15 | 11 | 26780 |
| 2015-16 | 6 | 2000 |

ടി തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

# 1-13 വാണിജ്യ കെട്ടിടം വിഭജിച്ച് നമ്പർ നൽകി; വസ്തുനികുതിയിൽ കുറവുണ്ടായി

ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിലുമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ആകെ തറവിസ്തീർണ്ണത്തിന് അനുസൃതമായ നിരക്ക് ഈടാക്കാതിരുന്നതിനാൽ നികുതിയിൽ കുറവുണ്ടായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്‌മെന്റ് വിവരങ്ങളുടെ പരിശോധനയിലാണ് ഇത് ബോദ്ധ്യമായത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം3(5) എന്നിവ അനുശാസിക്കും പ്രകാരം വസ്തുനികുതി നിർണ്ണയം നടത്താതിരുന്നതിനാലാണ് കെട്ടിടങ്ങളുടെ നികുതിയിൽ ഇപ്രകാരം കുറവുണ്ടായിട്ടുള്ളത്.

'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്താവുന്നതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്താവുന്നതാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം3(5) ലും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായാണ് ഏതാനും കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ ഇനം | ഏരിയ – ച.മീറ്റർ | നിരക്ക് |
|---|---|---|
| വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 100 ച.മീ. വരെ<br>100 ച.മീറ്ററിനു മുകളിൽ | 60 രൂപ<br>70 രൂപ |
| സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 200 ച.മീ. വരെ<br>200 ച.മീറ്ററിനു മുകളിൽ | 60 രൂപ.<br>90 രൂപ |

ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലാണ് കുറവുണ്ടായിട്ടുള്ളത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | നികുതി നിർണ്ണയത്തിലെ അപാകത |
|---|---|---|---|---|
| 1 | ശ്രീ.സക്കറിയ ഫിലിപ്പ്, ഗ്രാന്റ് സ്ക്വയർ (വരമ്പത്ത്), നെടുമ്പ്രം പി.ഒ. | I/404 A,B,C,D,E,F,G,H,I,J. I/404, I/405, I/406 | 526.72 | I/404F,G,H,I,J. 1/404, 1/405, I/406 എന്നീ നമ്പരിലുള്ള കെട്ടിടങ്ങൾക്ക് 200 ച. മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ (₹90/m2) നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ I/404 A,B,C,D,E എന്നീ നമ്പരിലുള്ള കെട്ടിടങ്ങൾക്ക് ഇപ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നതിനു |

| | | | | |
|---|---|---|---|---|
| | | | | പകരം (₹60/m2) എന്ന നിരക്കിലാണ് ഈടാക്കിയത്. |
| 2 | ശ്രീ.എസ്. വിനയകുമാർ, പായിക്കാട്ട് തൃക്കാർത്തിക, പൊടിയാടി പി.ഒ. | VII/377, 376 | 295.45 | 100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ (₹70/m2) നികുതി നിർണ്ണയിച്ചത് VII/377 എന്ന നമ്പരിലുള്ള കെട്ടിടത്തിന് മാത്രമാണ്. |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചിട്ടാണോ ഇപ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി (നം.14-17.02.2020) നൽകിയിരുന്നു. കെട്ടിട ഉടമകളുടെ ആവശ്യം പരിഗണിച്ചാണ് വെവ്വേറെ നമ്പർ നൽകുകയും അതിനനുസൃതമായി നികുതി ചുമത്തുകയും ചെയ്തിട്ടുള്ളതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ്, വൈദ്യുത കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിന് ഇത് ആവശ്യമാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. കെട്ടിട ഉടമകളുടെ സൗകര്യാർത്ഥം കെട്ടിട നമ്പർ അനുവദിച്ചു നൽകുന്നത് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമാണോ എന്നും സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്നുണ്ടോ എന്നുമുള്ള വിവരം പരിശോധിക്കേണ്ടത് സെക്രട്ടറിയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വമാണ്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിച്ച ടെൻഡറുകൾ ഉൾപ്പെടെ നിരസിച്ചതുമൂലം 232340 രൂപയുടെ അധിക ചെലവ്

ഓഡിറ്റ് വർഷം അസ്സിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 36 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡറുകളിൽ നടപടി ക്രമം പാലിച്ച് ലഭിച്ച 14 ടെൻഡറുകൾ ഉൾപ്പെടെ 36 എണ്ണവും നിരസിക്കുവാൻ 10.08.2018-ലെ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര യോഗം തീരുമാനിച്ചത് മൂലം 232340രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-15 കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല

കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്താതിരുന്നത് മൂലം പിഴയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുകയും ഈ തുക കരാറുകാർക്ക് അധികമായി ലഭ്യമാകുകയും ചെയ്തു.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദീർഘിപ്പിക്കുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിനു നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവ്യത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) ഒരു ശതമാനം പിഴയോടുകൂടിയോ (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടു കൂടിയും (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50% ൽ അധികമാകാനും പാടില്ല.

2012 കേരള പൊതുമരാമത്ത് മാനുവൽ അനുസരിച്ച് പ്രസ്തുത പ്രവ്യത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവ്യത്തിയുടെ വിവരങ്ങൾ | കരാർ തുക, കാലയളവ് | അധികമായി എടുത്ത കാലാവധി | ചുമത്തേണ്ട പിഴ | ആകെ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം-114/19<br>എരിച്ചിപ്പുറം-എൺപറയിൽറോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരന്റെ പേര്-അനിൽ വർഗീസ്<br>കരാർ ഉടമ്പടി നം-38/18-19/20.03.18<br>ബിൽ നം901142562/20.03.2019-370968 | 562556<br>3 മാസം<br>എം ബുക്ക്(36/18-19) പ്രകാരം പ്രവ്യത്തി<br>ചെയ്ത കാലയളവ്-4.12-18-15.12.18 | 4മാസം &14ദിവസം | 5625 + 9250 | 14875 |
| 2 | പ്രോജക്ട് നം-128/19<br>കാർണശ്ശേരിൽ-വെള്ളൂർക്കടവ് റോഡ് റീടാറിംഗ്<br>കരാറുകാരന്റെ പേര്-മോൻസൺ ഐസക്<br>കരാർ ഉടമ്പടി നം-39/17-18<br>dated 27.03.2018<br>ബിൽ നം 901374614/19.03.19-792941 | 798743<br>3 മാസം<br>എം ബുക്ക്<br>41/18-19<br>പ്രകാരം-17.12.18-17.1.19 | 6മാസം | 7987 + 14974 | 22961 |

| | | | | | |
|---|---|---|---|---|---|
| 3 | പ്രോജക്ട് നം-127/19<br>ഇടക്കുന്നിൽരമേശൻ നടപ്പാത കോൺക്രീറ്റിംഗ്<br>കരാറുകാരന്റെ പേര്- സജീവ് കുമാർ കെ.പി<br>കരാർ ഉടമ്പടി നം-35/17-18/20.3.18<br>ബിൽ നം-900992019/26.12.18-163778 | 111958<br>3 മാസം<br>എംബുക്ക്(9/18-19)<br>പ്രകാരം പ്രവൃത്തിയുടെ കാലയളവ്-24.09.18-22.10.18 | 3മാസം | 1119 | 1119 |
| 4 | പ്രോജക്ട് നം-126/19<br>മുണ്ടുചിറ-മേക്കാട്ടുപടി റോഡ് റീ-ടാറിംഗ്<br>കരാറുകാരന്റെ പേര്- യോഹന്നാൻ പി.സി<br>കരാർ ഉടമ്പടി നം-37/17-18<br>dated 20.3.18<br>ബിൽ നം-901052101/14.01.19-299195 | 299413<br>3 മാസം<br>എം ബുക്ക് പ്രകാരം പ്രവൃത്തിയുടെ(25/18-19)<br>കാലയളവ്-17.10.18-29.11.18 | 5 മാസം | 2994+<br>3992 | 6986 |
| 5 | ഐ.പി.സി.-കുമ്പഴമാലി റോഡ്<br>125/19<br>കരാർ ഉടമ്പടി നം-36/A.E./17-18 /20.03.18<br>ബിൽ നം-901052097/16.01.19 294501 | 297463<br>3 മാസം<br>എം ബുക്ക് പ്രകാരം പ്രവൃത്തിയുടെ(24/18-19)<br>കാലയളവ്-17.10.18-29.11.18 | 5 മാസം 24 ദിവസം | 2975 +<br>5553 | 8528 |
| 6 | പ്രോജക്ട് നം-129/19<br>66ാം നം അംഗനവാടി അറ്റകുറ്റപ്പണി<br>കരാറുകാരന്റെ പേര്- യോഹന്നാൻ പി.സി | 97717<br>3 മാസം<br>എം ബുക്ക് പ്രകാരം പ്രവൃത്തിയുടെ(51/18-19)<br>കാലയളവ്-24.01.19-16.02.19 | 7 മാസം 28 ദിവസം | 977 +<br>1954 +<br>608 | 3539 |

| | | | | | |
|---|---|---|---|---|---|
| | കരാർ ഉടമ്പടി നം-41/17-18<br>dated 27.3.18<br>ബിൽ നം-901481702/23.03.19-77070 | | | | |
| 7 | പ്രോജക്റ്റ് നം-113/19<br>പുതുശ്ശേരിപ്പടി-പുതുക്കുടിപ്പടി റോഡ് റീടാറിംഗ്<br>കരാറുകാരന്റെ പേര് – മോൻസൺ ഐസക്<br>കരാർ ഉടമ്പടി നം-40/A.E/18-19 dated 27.03.18<br>ബിൽ നം-901339699/19.3.19-499553 | 499553<br>3 മാസം<br>എംബുക്ക്(43/18-19)<br>പ്രകാരം പ്രവൃത്തിയുടെ കാലയളവ്-<br>11 -10-18-4.11.18 | 4മാസം. | 4995 + 3330 | 8325 |
| | **ആകെ** | | | | **73319** |

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം.08/14.02.2020) നൽകിയിരുന്നു. മാർച്ച് മാസത്തിലെ അവസാന ദിവസങ്ങളിലാണ് എഗ്രിമെന്റ് വച്ചതെന്നും മെയ് മാസം അവസാനം മുതൽ കാലവർഷം ആരംഭിച്ചതിനാൽ പ്രവൃത്തി നടത്താൻ സാധിച്ചില്ലായെന്നും അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി. നടപടിക്രമങ്ങൾ പാലിച്ച് കരാർ കാലയളവ് നീട്ടിക്കൊടുത്തിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ടി തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-16 ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ - ചെലവ് കണക്കുകൾ ഇല്ലാതെ ഫൈനൽ ബിൽ തുക നൽകി

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകൾ, ഗുണഭോക്തൃസമിതി മിനിട്സ് എന്നിവ ഇല്ലാതെ ഫൈനൽ ബിൽ നൽകി.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | കൺവീനറുടെ പേര് | ചെലവ് വിവരങ്ങൾ |
|---|---|---|
| ഹോമിയോ ആശുപത്രിക്കെട്ടിടം പെയിന്റിംഗ് -(68/2019)<br>അടങ്കൽ-50000 സംരക്ഷണഫണ്ട് | സന്തോഷ് കുമാർ കെ.എ<br>കരാർ ഉടമ്പടി നം-46/18- | പ്രവൃത്തിമൂല്യം-49415 |

| | | |
|---|---|---|
| (നോൺ റോഡ്) - | 19/15.12.2018 | |
| എം ബുക്ക് -38/18-19<br>ഹോമിയോ ആശുപത്രിക്കെട്ടിടം മുറ്റം ഇന്റർലോക്കിംഗ് (74/19) അടങ്കൽ 50000 -സംരക്ഷണഫണ്ട് (നോൺറോഡ്) )<br>എം ബുക്ക് -38/18-19/ | സന്തോഷ് കുമാർ കെ .എ<br>കരാർ ഉടമ്പടി നം-47/18-19/15.12.2018 | പ്രവൃത്തിമൂല്യം-46013 |

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക എന്നിവ സംബന്ധിച്ച വിവരങ്ങൾ കൺവീനർ എഴുതി സൂക്ഷിയ്ക്കേണ്ടതും പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാലുടൻ വരവ്-ചെലവ് കണക്കുകൾ പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചതിനുശേഷം കമ്മിറ്റി പിരിച്ചുവിടേണ്ടതാണ്. കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ, പ്രവൃത്തിമൂല്യമോ ഏതാണോ കുറവ് അതിനാണ് അർഹത. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടിക്രമങ്ങളും പാലിയ്ക്കാതെയാണ് എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തിമൂല്യം അനുവദിച്ചുനൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം.09/14.02.2020) മുഖേന നിർദ്ദേശം നൽകിയിരുന്നു. ഗുണഭോക്തൃ സമിതി മിനിട്സ് ബുക്ക്, വരവ് ചെലവ് കണക്കുകൾ എന്നിവ ഹാജരാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 95428 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 ടാറിംഗ് പ്രവൃത്തികൾ- ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയില്ല

ടാറിംഗ് /റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ നല്കിയപ്പോൾ ബാരൽ വില ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാറുകാരന്റെ പേര് | ചെലവ് വിവരം | ബാരലിന്റെ എണ്ണം | വിലയിനത്തിൽ ഈടാക്കേണ്ടതുക @250 | ജി.എസ്.ടി (12.5%) |
|---|---|---|---|---|---|
| പൊന്തയിൽപ്പടി-പമ്പഴപ്പടി റോഡ് റീ- ടാറിംഗ് (62/2019) | രാധാകൃഷ്ണൻ നായർ.പി | 526378 ബിൽ നം-901070721/ 17.1.2019 | 20 | 5000 | 625 |
| പുതുശ്ശേരിപ്പടി-പുതുക്കുടിപ്പടി റോഡ് റീ- ടാറിംഗ് (113/2019) | മോൻസൺ ഐസക് | 499553 (ബിൽ നം 901339699/19.03.19) | 9 | 2250 | 281 |
| ഐ.പി.സി-കമ്പഴമാലി റോഡ് | യോഹന്നാൻ .പി.സി | 294501-ബിൽ നം-901052097 /16.01.19 | 12 | 3000 | 375 |

| | | | | | |
|---|---|---|---|---|---|
| (125/19) | | | | | |
| മുണ്ടുചിറമേക്കാട്ടുപടി-റോഡ് റീടാറിംഗ് (126/19) | യോഹന്നാൻ .പി.സി | 299195-ബിൽ നം 901052101/14.01.19 | 9 | 2250 | 281 |
| കാർണശ്ശേരിൽ വെള്ളൂർകടവ് റോഡ് റീടാറിംഗ് (128/19) | മോൻസൺ ഐസക് | 792941-ബിൽ നം 901374614/19.03.19 | 31 | 7750 | 969 |
| **ആകെ** | | | | **20250** | **2531** |

ബാരൽ വില ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം.10/14.02.2020) മുഖേന നിർദ്ദേശം നൽകിയിരുന്നു. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. തുക ഈടാക്കി, വിവരം ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

# 1-18 ക്ഷീരകർഷകർക്ക് ഇൻസെന്റീവ് - സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് ക്രമവിരുദ്ധം

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി റോഡിതര സംരക്ഷണ ഗ്രാന്റിൽനിന്നും 1.25ലക്ഷം രൂപ ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണത്തിനുവേണ്ടിയാണ് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് നൽകുന്നത്. പ്രസ്തുത ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ജി.ഒ(എം.എസ്.) നം.330/2004/ത.സ്വ.ഭ.വ. തീയതി 09.12.2004പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ടി മാർഗ്ഗരേഖ പ്രകാരവും തുടർന്ന് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും പ്രകാരവും റോഡിതര മെയിന്റനൻസ് ഗ്രാന്റ് വ്യക്തിഗത സബ്സിഡി ആനുകൂല്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ ഇപ്രകാരം ഫണ്ട് വകമാറ്റിച്ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ ഡയറി ഫാം ഇൻസ്ട്രക്ടർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.07/2020 തീയതി 14.02.2020) ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിനാലാണ് ഇപ്രകാരം ഫണ്ട് ചെലവഴിച്ചത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഈ മറുപടി സ്വീകാര്യമല്ല. പ്രോജക്ട് രൂപീകരണവേളയിൽ ഫണ്ട് വകയിരുത്തുന്ന കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും, പ്രോജക്ട് അംഗീകരിച്ച വെറ്റിംഗ് ഓഫീസറും ശ്രദ്ധിക്കാതിരുന്നതുമൂലമാണ് ഇപ്രകാരം സംഭവിക്കാനിടയായതെന്ന് ഓഡിറ്റ് കരുതുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

**1.** ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (പട്ടികജാതി വിഭാഗം, SO 35/19) ഗുണഭോക്താവായ ശ്രീ. രാമചന്ദ്രൻ ഡി., കളരിക്കൽ തുണ്ടിയിൽ, നെടുമ്പ്രം എന്ന വ്യക്തിയ്ക്ക് ഭവന നിർമ്മാണത്തിനായി 4,60,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 4,00,000 രൂപയായിരിക്കെ ടിയാൾക്ക് 60,000 രൂപ (ചെക്ക് നം. 297756/25.03.19) അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.** ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (നം. SO 11/19, ജനറൽ) ഭാഗമായി ആദ്യ ഗഡു ധനസഹായമായ 40,000 രൂപ (Bill No. 02/18-19/10.07.18) കൈപ്പറ്റിയ ശ്രീമതി റ്റി. പി. ശാരദാമ്മാൾ, കിഴക്കേ വീട്, പൊടിയാടി എന്ന ഗുണഭോക്താവ് തുടർന്ന് ധനസഹായം കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ടി ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പക്ഷം മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-20 വൃദ്ധ ജനങ്ങൾക്ക് യോഗ പരിശീലന പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

വൃദ്ധ ജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്നതിനായി 1,00,000 രൂപ വികസന ഫണ്ട് വകയിരുത്തിയ പദ്ധതിയുടെ നിർവ്വഹണത്തിനായി 94,900 രൂപ (Bill No. 12/18-19/23.03.19) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി യോഗ പരിശീലകർക്ക് അധിക നിരക്കിൽ ഓണറേറിയവും, പരിശീലനാർത്ഥികൾക്ക് T-Shirt, Pants എന്നിവയും വാങ്ങി നൽകിയതുവഴി വികസനഫണ്ടിൽ നിന്നും അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ എന്നീ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇവ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | മുൻകൂറായി നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വിവരം |
|---|---|---|---|
| 1 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ,<br>SO 094/19 | 2,00,000(റോഡിതര മെ.ഫണ്ട്)<br>Bill No.02/18-19/13.08.18<br>Bill No.08/18-19/14.01.19 | 142344 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചു |
| 2 | പാലിയേറ്റീവ് കെയർ, SO 008/19 | 5,00,000(ജില്ലാ പഞ്ചായത്ത്)<br>ചെക്ക് നം. 2977254/16.03.19 | 2,49,823 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചു |
| **ആകെ** | | 778124 | |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിച്ച ടെൻഡറുകൾ ഉൾപ്പെടെ നിരസിച്ചതുമൂലം 232340 രൂപയുടെ അധിക ചെലവ്

ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്ത് ഏറ്റെടുത്ത 39 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിച്ചതിൽ 36 പ്രവൃത്തികൾക്ക് ടെൻഡർ ലഭിച്ചിരുന്നു. ഇവയിൽ 14 എണ്ണം രജിസ്റ്റേഡ് തപാൽ/സ്പീഡ്പോസ്റ്റ് മുഖാന്തിരമാണ് ലഭ്യമായത്. ഇവ 6.08.18 ൽ തുറന്ന പരിശോധിക്കുകയും ചെയ്തു. ടെൻഡറുകളുടെ സ്വീകാര്യത സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ 08.08.18-ൽ ഓരോ പ്രവൃത്തികൾക്കും ക്വോട്ട് ചെയ്ത വ്യക്തികളുടെ പേരും ക്വോട്ട് ചെയ്ത തുകയും അഭിപ്രായ കുറിപ്പുകളോടെ സെക്രട്ടറിക്ക് കത്തായി നൽകിയിരുന്നു. തുടർന്ന് ടെൻഡറുകൾ പരിഗണിക്കുന്നതിനായി 10.08.18 -ൽ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര യോഗം കൂടുകയും യോഗത്തിൽ താഴെ പറയും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

“ 39 പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചതിൽ 14 പ്രവൃത്തികളുടെ ടെണ്ടർ മാത്രമാണ് നോട്ടീസിൽ പറഞ്ഞ പ്രകാരം രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരം ലഭിച്ചത്. ഭൂരിപക്ഷം പ്രവൃത്തികളുടെയും ടെണ്ടർ സാധാരണ തപാലിലാണ് ലഭിച്ചത്. രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരം ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിലും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെ ടെണ്ടറുകളിൽ

എല്ലാ പേർക്കും മത്സര സ്വഭാവത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന സാഹചര്യത്തിലും കൂടാതെ കരാറുകാരിൽ നിന്നും പരാതി ലഭിച്ച സാഹചര്യത്തിലും എല്ലാപേർക്കും സുതാര്യമായി പങ്കെടുക്കാൻ അവസരം ലഭിയ്ക്കുന്നതിലേയ്ക്കായി ലഭിച്ച എല്ലാ ദർഘാസുകളും നിരസിയ്ക്കുവാൻ ഐകകണ്ഠേന തീരുമാനിച്ചു.

നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മൽസരസ്വഭാവത്തിൽ ലഭിച്ച ടെൻഡറുകൾ അംഗീകരിക്കാവുന്നതാണെന്ന അസി.എഞ്ചിനീയറുടെ കുറിപ്പ് പരിഗണിക്കാതെയാണ് ഇപ്രകാരം തീരുമാനമെടുത്തിട്ടുള്ളത്. ടെൻഡറുകൾ മത്സരസ്വഭാവത്തിൽ സമർപ്പിക്കപ്പെട്ടവയല്ലെന്ന നിഗമനത്തിൽ എപ്രകാരമാണ് കമ്മറ്റി എത്തിച്ചേർന്നതെന്ന് വ്യക്തമല്ല. PWD Mannual ഖണ്ഡിക 2008-2-ൽ ടെൻഡറുകൾ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേന മാത്രമേ സമർപ്പിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ലഭിച്ച ടെൻഡറുകൾ ഉൾപ്പെടെ നിരസിക്കുകയും വീണ്ടും റീടെൻഡർ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്ത പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം അംഗീകരിക്കത്തക്കതല്ല.

റീ ടെൻഡറിനെതുടർന്ന് ലഭിച്ച ടെണ്ടറുകൾ 6.10.18 ൽ തുറന്ന് പരിശോധിച്ച ഇവയിൽ , 32 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിലുള്ള ഒറ്റ ടെൻഡറും രണ്ട് പ്രവൃത്തികൾക്ക് മൂന്നുപേർ എസ്റ്റിമേറ്റിനേക്കാൾ താഴ്ന്ന നിരക്കിലുള്ള ടെണ്ടറുകളും സമർപ്പിച്ചു. 5 പ്രവൃത്തികൾക്ക് ടെൻഡറുകൾ ഒന്നും ലഭിയ്ക്കുകയും ചെയ്തില്ല.

ആദ്യ ടെൻഡറിൽ 5 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ താഴ്ന്ന നിരക്കിലുള്ള ടെൻഡറുകൾ ലഭിച്ചതായും 9 എണ്ണത്തിന് ഒറ്റ ടെൻഡർ മാത്രം ലഭിച്ചതായും ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി. ടെൻഡർ രജിസ്റ്ററിലോ, ലഭിച്ച ടെൻഡറുകളിലോ ടെണ്ടർ അംഗീകരിക്കാതിരുന്നതിന്റെ കാരണം എഴുതുകയോ, അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. തെറ്റായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്കിലും താഴ്ന്ന് ലഭിച്ച ടെൻഡറുകൾ ഉൾപ്പെടെ ഒഴിവാക്കിയതുമൂലം പഞ്ചായത്ത് ഫണ്ടിന് താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തികളുടെ വിവരം | ആദ്യ ടെൻഡറുകൾ പ്രകാരം ലഭിച്ച ടെണ്ടറുകൾ, കരാറുകാരന്റെ പേര്, ക്വാട്ട് ചെയ്ത നിരക്ക് | റീടെൻഡർ മുഖേന പ്രവൃത്തി ലഭിച്ച കരാറുകാരൻ, പ്രവൃത്തി മൂല്യം | ടെൻഡർ കുറവ് ഇനത്തിൽ ലഭിക്കുമായിരുന്ന തുക | ബിൽ നം |
|---|---|---|---|---|---|
| 1 | മേക്കാട്ടുപടി-കർണശ്ശേരി റോഡ് കോൺക്രീറ്റിംഗ്(30/19)<br>അടങ്കൽ-350000<br>എം ബുക്ക്-3/18-19 | 4<br>പി.എ.മാത്യു-286177<br>ബിനു.കെ. ഏബ്രഹാം-10.41% കുറവ് | കെ.എം.മാത്യു(എസ്റ്റിമേറ്റ് നിരക്ക്)<br>346348 | 64074 | 900844589/ 24.11.18-346348 |
| 2 | സരസ്വതിസോമിൽ-കറുകപ്പുറത്ത്പടി റോഡ് കോൺക്രീറ്റിംഗ്(22/19)<br>അടങ്കൽ-400000<br>എം ബുക്ക്-29/18-19 | 3<br>ബിനു.കെ. ഏബ്രഹാം-10.77% കുറവ്<br>പി.എ.മാത്യു-333523<br>ശ്രീകുമാർ-എസ്റ്റിമേറ്റ് നിരക്ക് | ശ്രീകുമാർ-എസ്റ്റിമേറ്റ് നിരക്ക്<br>399423 | 43017 | 901076770/18.1.19-399423 |
| 3 | പുത്തൻമഠം-വൈകുണ്ഠത്തിൽ പടി റോഡ്(26/19)<br>അടങ്കൽ-400000<br>എം ബുക്ക് -28/18-19 | 4<br>പി.എ.മാത്യു-319156(20.19%)<br>ബിനു.കെ. ഏബ്രഹാം-10.61% കുറവ് | ശ്രീകുമാർ-എസ്റ്റിമേറ്റ് നിരക്ക്<br>399179 | 80594 | 901076780/18.01.19-399179 |
| 4 | മറ്റത്തിൽപ്പടി-ഗായത്രിറോഡ് കോൺക്രീറ്റിംഗ്(34/19)<br>അടങ്കൽ-300000 | 4<br>ബിനു.കെ. ഏബ്രഹാം-10.11% കുറവ്<br>റെനികുര്യൻ-14.99% കുറവ് | രാധാകൃഷ്ണൻനായർ<br>എസ്റ്റിമേറ്റ് നിരക്ക്<br>297901 | 44655 | 900848597/24.11.18-297901 |

| | | | | | |
|---|---|---|---|---|---|
| | എം ബുക്ക്-7/18-19 | | | | |
| | **ആകെ** | | | **232340** | |

ഇപ്രകാരം സംരക്ഷണഗ്രാന്റ് നോൺറോഡ് ഫണ്ടിൽ നിന്നും സേവിംഗ്സ് ഇനത്തിൽ ലഭ്യമാകുമായിരുന്ന തുക നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം.09/14.02.2020) മുഖേന നിർദ്ദേശം നൽകിയിരുന്നു. രജിസ്റ്റേഡ് തപാൽ/സ്പീഡ്പോസ്റ്റ് മുഖേന ലഭിച്ച 14 ടെണ്ടറുകൾ അംഗീകരിക്കാവുന്നതാണെന്ന് 10.08.2018 -ൽ താൻ കമ്മറ്റിക്ക് കത്ത് നൽകിയിരുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിവരം അവഗണിച്ച്, 14 ടെണ്ടറുകൾ റദ്ദാക്കിയ പഞ്ചായത്ത് കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലം അധികം ചെലവഴിക്കേണ്ടിവന്ന 232340രൂപ, ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി അംഗങ്ങളിൽനിന്ന് ഈടാക്കേണ്ടതാണ്.

# 3-2 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

**1.** ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (പട്ടികജാതി വിഭാഗം, SO 35/19) ഗുണഭോക്താവായ ശ്രീ. രാമചന്ദ്രൻ ഡി., കളരിക്കൽ തുണ്ടിയിൽ, നെടുമ്പ്രം എന്ന വ്യക്തിയ്ക്ക് ഭവന നിർമ്മാണത്തിനായി 4,60,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 4,00,000 രൂപയായിരിക്കെ ടിയാൾക്ക് 60,000 രൂപ (ചെക്ക് നം. 297756/25.03.19) അധികമായി അനുവദിച്ച് നൽകിയതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 14.02.2020 -ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12) നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ, അധികമായി അനുവദിച്ച 60,000 രൂപ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

**2.** ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (നം. SO 11/19, ജനറൽ) ഭാഗമായി ആദ്യ ഗഡു ധനസഹായമായ 40,000 രൂപ (Bill No. 02/18-19/10.07.18) കൈപ്പറ്റിയ ശ്രീമതി റ്റി. പി. ശാരദാമ്മാൾ, കിഴക്കേ വീട്, പൊടിയാടി എന്ന ഗുണഭോക്താവ് തുടർന്ന് ധനസഹായം കൈപ്പറ്റുകയോ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ടി ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പക്ഷം മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-3 വൃദ്ധ ജനങ്ങൾക്ക് യോഗ പരിശീലന പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

വൃദ്ധ ജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്നതിനായി 1,00,000 രൂപ വികസന ഫണ്ട് വകയിരുത്തിയ പദ്ധതിയുടെ നിർവ്വഹണത്തിനായി 94,900 രൂപ (Bill No. 12/18-19/23.03.19) ചെലവഴിച്ചിട്ടുണ്ട്. 19.01.2019 മുതൽ 31.01.2019 വരെ കാലയളവിലാണ് പരിശീലനം നൽകിയത്. ചെലവ് ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെലവ് ഇനം | തുക |
|---|---|
| പരിശീലകന് ഓണറേറിയം | 20,000 |
| ലഘുഭക്ഷണം | 29,900 |
| യോഗ പരിശീലനാർത്ഥികൾക്ക് T-ഷർട്ട്, പാന്റ്സ് | 39,000 |
| | |

| | |
|---|---|
| ആശ വർക്കർമാർക്ക് ഓണറേറിയം | 6,000 |

പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. യോഗ പരിശീലകർക്ക് പ്രതിദിനം 400 രൂപ വെച്ച് പ്രതിമാസം പരമാവധി 12,000 രൂപയാണ് ഓണറേറിയത്തിന് അർഹത. (സ.ഉ (സാധാ) നം. 3190/17/ത.സ്വ.ഭ.വ തീയതി 03.10.07) ആയതിന് വിരുദ്ധമായി ഇവിടെ 20,000 രൂപ ഓണറേറിയമായി നൽകിയിട്ടുണ്ട്.

2. യോഗ പരിശീലനാർത്ഥികൾക്ക് ലഘുഭക്ഷണം നൽകിയ ഇനത്തിൽ 29,900 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ യോഗ പരിശീലനാർത്ഥികൾക്ക് T-ഷർട്ട്, പാന്റ്സ് എന്നിവ വാങ്ങി നൽകുന്നതിന് 39,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. യോഗ പരിശീലനത്തിന്റെ ഭാഗമായി പരിശീലകർക്ക് ഓണറേറിയം നൽകുന്നതിന് മാത്രമാണ് വികസനഫണ്ട് ചെലവഴിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. മാത്രമല്ല, ഭക്ഷണത്തിനായി വികസനഫണ്ട് ചെലവഴിക്കുവാൻ പാടില്ലായെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലും വസ്തുങ്ങൾ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കാൻ പാടില്ലായെന്ന് സബ്സിഡി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 14.02.2020-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13) നിർവ്വഹണ ഉദ്യോഗസ്ഥയായ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. യോഗ പരിശീലകന് ഓണറേറിയം ഇനത്തിൽ അധികമായി നൽകിയ തുക 8000 രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ലഘുഭക്ഷണത്തിനും വസ്തുങ്ങൾ വാങ്ങുന്നതിനും ചെലവഴിച്ച 68,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019 | കെ.എസ്.എ.പി.റ്റി.എ.പി1.602(11)/2019 തീയതി 09.07.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | - |
| | | 898506 | ലൈഫ് ഭവനപദ്ധതി | 880000 | 18506 |
| | | 310729 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | | 310729 |
| | | 82400 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 82400 | - |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1624705 | ലൈഫ് ഭവനപദ്ധതി | 1600000 | 24705 |
| | | 436800 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 320000 | 116800 |
| | | 500000 | പാലിയേറ്റീവ് കെയർ | | 500000 |
| | | 200000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | - |
| | | 200000 | പൂരകപോഷകാഹാരം | 200000 | - |
| | | 650000 | നെൽകൃഷി വികസനം | 650000 | |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 945666 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 76037 |
| ആകെ | 1021703 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1021703 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | SCBFD01(1771) | 12/03/19 | 6 മാസം | 408739 | |

| | SCB FD 02(1772) | 12/3/19 | 6 മാസം | 612964 | |
|---|---|---|---|---|---|
| ആകെ | | | | 1021703 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 57959539 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51980731 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 73319 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 300340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 184578 |

**(ബി).** **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 232340 | *പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ |
| 3-2 | | 60000 | ശ്രീ. അരുൺ. ആർ, (വി.ഇ.ഒ.) |
| 3-3 | | 8000 | ഡോ. ബെറ്റി. വി.എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| **ആകെ** | | **300340** | |

**<u>*പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ</u>**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | ഔദ്യോഗിക മേൽവിലാസം | |
| 1 | ശ്രീ. സുനിൽ കുമാർ | പ്രസിഡന്റ് | കുന്നത്തുർ (ഹൗസ്), പൊടിയാടി പി.ഒ തിരുവല്ല. |
| 2 | ശ്രീമതി ശ്രീദേവി സതീഷ് കുമാർ | വൈസ് പ്രസിഡന്റ് | കുരീക്കാട്ട്, പൊടിയാടി പി.ഒ തിരുവല്ല. |
| 3 | ശ്രീമതി സന്ധ്യമോൾ | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | തൈപ്പറമ്പിൽ, നെടുമ്പ്രം, തിരുവല്ല. |
| 4 | ശ്രീ. പി.ജി. നന്ദകുമാർ | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | പൊക്കാശ്ശേരിൽ, അമിച്ചകരി, തിരുവല്ല |
| 5 | ശ്രീ. റിൻസൺ തോമസ് | വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | കൊയ്യപ്പള്ളിൽ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 6 | ശ്രീമതി റേച്ചൽ ബേബി (വാർഡ് 1) | മെമ്പർ | ജിനുഭവൻ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 7 | ശ്രീമതി അജിത(വാർഡ് 3) | മെമ്പർ | മാറേക്കാട്ട് തെക്കേതിൽ നെടുമ്പ്രം പി.ഒ, തിരുവല്ല |
| 8 | ശ്രീ. രാജപ്പൻ കെ.കെ.(വാർഡ് 4) | മെമ്പർ | കോയിപ്പുറത്ത്, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 9 | ശ്രീമതി ചന്ദ്രലേഖ (വാർഡ് 5) | മെമ്പർ | ചൂണ്ടാരപ്പറമ്പിൽ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 10 | ശ്രീമതി രാജശ്രീ ആർ (വാർഡ് 6) | മെമ്പർ | ശ്രീവിഹാർ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 11 | ശ്രീ. സി.ജി.കുഞ്ഞുമോൻ (വാർഡ് 8) | മെമ്പർ | ചേനപ്പറമ്പിൽ കല്ലുങ്കൽ പി.ഒ, തിരുവല്ല |
| 12 | ശ്രീമതി സൂസൻ ജോർജ് (വാർഡ് 9) | മെമ്പർ | വാല്യപറമ്പിൽ, കല്ലിങ്കൽ പിഒ, തിരുവല്ല |
| 13 | ശ്രീ. ചാക്കോ ചെറിയാൻ | മെമ്പർ | കീർപ്പായിൽ പൊടിയാടി പി.ഒ. |

| | | | |
|---|---|---|---|
| | (വാർഡ് 10) | | തിരുവല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 95428 | പോൾ ചാക്കോ മാർട്ടിൻ (അസിസ്റ്റന്റ് എഞ്ചിനീയർ), (കോൺട്രാക്ട്) |
| 1-17 | 20250 | പോൾ ചാക്കോ മാർട്ടിൻ (അസിസ്റ്റന്റ് എഞ്ചിനീയർ), (കോൺട്രാക്ട്) |
| 1-20 | 68900 | ഡോ. ബെറ്റി വി.എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ആകെ | 184578 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-17 | 2531 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സുനിൽ കുമാർ | പ്രസിഡന്റ് | കുന്നത്തൂർ (ഹൗസ്), പൊടിയാടി പി.ഒ തിരുവല്ല. |
| 2 | ശ്രീമതി ശ്രീദേവി സതീഷ് കുമാർ | വൈസ് പ്രസിഡന്റ് | കുരീക്കാട്ട്, പൊടിയാടി പി.ഒ തിരുവല്ല. |
| 3 | ശ്രീമതി സന്ധ്യമോൾ | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | തൈപ്പറമ്പിൽ, നെടുമ്പ്രം, തിരുവല്ല. |
| 4 | ശ്രീ. പി.ജി. നന്ദകുമാർ | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | പൊക്കാശ്ശേരിൽ, അമിച്ചകരി, തിരുവല്ല |
| 5 | ശ്രീ. റിൻസൺ തോമസ് | വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | കൊയ്യപ്പള്ളിൽ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| | | | |

| | | | |
|---|---|---|---|
| 6 | ശ്രീമതി റേച്ചൽ ബേബി (വാർഡ് 1) | മെമ്പർ | ജിനുഭവൻ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 7 | ശ്രീമതി അജിത(വാർഡ് 3) | മെമ്പർ | മാറേക്കാട്ട് തെക്കേതിൽ നെടുമ്പ്രം പി.ഒ, തിരുവല്ല |
| 8 | ശ്രീ. രാജപ്പൻ കെ.കെ. (വാർഡ് 4) | മെമ്പർ | കോയിപ്പുറത്ത്, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 9 | ശ്രീമതി ചന്ദ്രലേഖ (വാർഡ് 5) | മെമ്പർ | ചൂണ്ടാരപ്പറമ്പിൽ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 10 | ശ്രീമതി രാജശ്രീ ആർ (വാർഡ് 6) | മെമ്പർ | ശ്രീവിഹാർ, നെടുമ്പ്രം പി.ഒ, തിരുവല്ല |
| 11 | ശ്രീ. സി.ജി.കുഞ്ഞുമോൻ (വാർഡ് 8) | മെമ്പർ | ചേനപ്പറമ്പിൽ കല്ലുങ്കൽ പി.ഒ, തിരുവല്ല |
| 12 | ശ്രീമതി സൂസൻ ജോർജ് (വാർഡ് 9) | മെമ്പർ | വാല്യപറമ്പിൽ, കല്ലിങ്കൽ പിഒ, തിരുവല്ല |
| 13 | ശ്രീ. ചാക്കോ ചെറിയാൻ (വാർഡ് 10) | മെമ്പർ | കീർപ്പായിൽ പൊടിയാടി പി.ഒ. തിരുവല്ല |
| 14 | ശ്രീ.അരുൺ. ആർ (വി.ഇ.ഒ) | വി.ഇ.ഒ നെടുമ്പ്രം | അരുൺ നിവാസ്, ഓടനാവട്ടം, കൊല്ലം |
| 15 | ഡോ. ബെറ്റി വി.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), നെടുമ്പ്രം | ബെറ്റികോട്ടേജ്, ടി.സി.80/786, പുന്നമൂട്,പുറയിടം, വെട്ടുകാട്, തിരുവനന്തപുരം |
| 16 | പോൾ ചാക്കോ മാർട്ടിൻ (കോൺട്രാക്ട് മുഖേനയുള്ള നിയമനം) | - | പഴവേലിൽ, തിരുമൂല, തിരുവല്ല |
| 17 | മേരി ജെസ്സി ഡിക്രൂസ്, അസി. എൻജിനീയർ | അസി. എൻജിനീയർ എൽ.എസ്.ജി.ഡി. നെടുമ്പ്രം | സ്നേഹാലയം, പുന്നത്തല, കൊല്ലം -7 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00 തീയതി:11.12.00 | 9 |
| | എൽ.എഫ്.പി.റ്റി.എ/പി3-38/02 | |

| | | |
|---|---|---|
| 1998-99 | തീയതി:13.05.02 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി4-705/03 തീയതി:02.06.04 | 6 |
| 2000-01<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി4-486/03 തീയതി:13.10.03 | 6 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി4-487/03 തീയതി:13.10.03 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി4-21/05 തീയതി:25.07.05 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4/361/05 തീയതി:10.02.06/30.03.06 | 31 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5-484/07തീയതി:21.02.08/29.03.08 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6-254/11 തീയതി:04.10.11/09.02.12 | 1 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6-255/11 തീയതി:04.10.11/01.09.12 | 10 |
| 2007-08 മുതൽ<br>10-11 വരെ | എൽ.എഫ്.പി.റ്റി.എ/പി-11-992/12 തീയതി:01.01.12/04.07.13 | 15 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/732/2016 തീയതി 16.07.2016 | 5 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16 തീയതി 10.01.2017 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/905/17 തീയതി 16.08.17 | 28 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4/128/19 തീയതി 02/03/19 | 31 |

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ.പി.റ്റി.എ.പി4/161/2020** **തീയതി: 16/03/2020**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാംവകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **നെടുമ്പ്രം ഗ്രാമപ്പഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെടുമ്പ്രം ഗ്രാമപ്പഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

No.KSAPTA.P4/161/2020 Dated: 16/03/2020

Certified that I have Audited the Annual Financial Statement of **Nedumpuram Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Nedumpuram Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

(Sd–)

Deputy Director

Kerala State Audit Department

Pathanamthitta